# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1755

04.10.2016- ൽ മറുപടിക്ക്

## സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

**ചോദ്യം**

**ശ്രീ. സി.കൃഷ്ണൻ**
**" വി. കെ. സി. മമ്മത് കോയ**
**" എം. മുകേഷ്**
**" യു. ആർ. പ്രദീപ്**

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എതൊക്കെയെന്ന് അറിയിക്കുമോ;

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. കേന്ദ്ര സർക്കാർ/ റിസർവ്വ് ബാങ്ക്/ നബാർഡ് എന്നിവയുടെ താഴെപ്പറയുന്ന നയങ്ങൾ/ നിർദ്ദേശങ്ങൾ സഹകരണ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

1. സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് ആദായനികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരം ലഭ്യമായിരുന്ന ആദായ നികുതി ഇളവ് ഒഴിവാക്കിയത്.
2. സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് സർവ്വീസ് ടാക്സ് ബാധകമാക്കിയത്.
3. സഹകരണ ബാങ്കുകൾക്ക് ആദായനികുതി നിയമപ്രകാരം റ്റി.ഡി.എസ് ബാധകമാക്കിയത്.
4. ബാങ്കിംഗ് നിയമ ഭേദഗതിയിലൂടെ സഹകരണ ബാങ്കുകളുടെ മേൽ റിസർവ്വ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കിയത്.
5. റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്ന വ്യവസ്ഥ.

6. സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ നിക്ഷേപം മുഴുവൻ ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്ന റിസർവ്വ് ബാങ്ക് നിർദ്ദേശം.
7. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ 31.03.2017 ൽ 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം.
8. 9-ാം ഭരണഘടന ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസങ്ങൾക്കുള്ളിൽ സംഘത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കണമെന്നും സംഘം പൊതു യോഗം കൂടിയിരിക്കണമെന്നും 6 മാസങ്ങൾക്കുള്ളിൽ ഓഡിറ്റ് ചെയ്ത കണക്കുകളും വാർഷിക റിപ്പോർട്ടും ഉൾപ്പെടെയുള്ള രേഖകൾ ഫയൽ ചെയ്തിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ.
9. നബാർഡിന്റെ നിലവിലുള്ള വ്യവസ്ഥ പ്രകാരം സി.എം.എ റൂൾസ് അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകൾക്ക് പരമാവധി നൽകാവുന്ന ഭവന വായ്പ ബാങ്കിന്റെ ആകെ ആസ്തിയുടെ 5 ശതമാനം അധികരിക്കാൻ പാടില്ല. ടി പരിധി നിലനിൽക്കുന്നതിനാൽ ജില്ലാ സഹകരണ ബാങ്കുകളുടെ സർപ്ലസ് ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ കഴിയുന്നില്ല.
10. കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി പദ്ധതി ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് ബാധകമാക്കുന്നില്ല.
11. പുതുതായി നടപ്പിലാക്കിയ 'Pradhan Manthri Awas Yojana Housing for All (Urban)' പദ്ധതിയിൽ ജില്ലാ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിട്ടില്ലാത്തത്.
12. 'Rupay Kissan Credit Card' നൽകുന്ന പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഉൾപ്പെടുത്താത്തത്.

…...3

13. വാർഷിക പദ്ധതിയിൽ എൻ.സി.ഡി.സി പദ്ധതി പ്രകാരം കാർഷിക സംസ്കരണ പ്രോജക്ടുകൾ, റൂറൽ ഗോഡൗണുകൾ ഐ.സി.ഡി.പി (Integrated Co-operative Development Project) എന്നിവയ്ക്ക് നൽകി വന്നിരുന്ന സബ്സിഡി നിർത്തലാക്കിയത്.

## II. സഹകരണ മേഖല നേരിടുന്ന മറ്റ് പ്രശ്നങ്ങൾ

1. സഹകരണ മേഖലയിലെ ഉയർന്ന നിഷ്ക്രിയ ആസ്തി/ കുടിശ്ശിക നിലവാരം മൂലം സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം.
2. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, ഉൽപ്പന്നങ്ങൾക്കു മേൽ പെട്ടെന്നുണ്ടാകുന്ന വിലത്തകർച്ച, ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടത്താൻ കഴിയാത്തത് എന്നീ കാരണങ്ങളാൽ വിപണന സഹകരണ സംഘങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി.
3. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഈട്-പ്രമാണങ്ങൾ ഹൗസിംഗ് ഫെഡറേഷനിൽ ഈട് നൽകി പ്രാഥമിക സംഘങ്ങൾ വായ്പ സ്വീകരിക്കുകയും അംഗങ്ങൾ വായ്പ തിരിച്ചടയ്ക്കുകയും എന്നാൽ സംഘങ്ങൾ യഥാസമയം വായ്പ ഫെഡറേഷനിൽ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ അംഗങ്ങൾക്ക് പ്രമാണങ്ങൾ തിരിച്ചു നൽകാൻ കഴിയാതെ വരുന്ന അവസ്ഥ സംജാതമാകുന്നുണ്ട്.
4. കേന്ദ്ര നിയമ പ്രകാരമുള്ള മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ, സംസ്ഥാനങ്ങൾ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്യുമ്പോൾ അതാത് സംസ്ഥാന രജിസ്ട്രാറുടെ എൻ.ഒ.സി വാങ്ങിയിരിക്കണമെന്ന് കേന്ദ്ര രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ഇതനുസരിച്ച് സംഘങ്ങൾ സംസ്ഥാന രജിസ്ട്രാർക്ക് അപേക്ഷ നൽകുകയും സംസ്ഥാന രജിസ്ട്രാർ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്തു വരികയായിരുന്നു. എന്നാൽ സമീപ കാലത്ത് ബഹുമാനപ്പെട്ട

......4

കേരളാ ഹൈക്കോടതി പ്രസ്തുത വ്യവസ്ഥ റദ്ദ ചെയ്യുകയുണ്ടായി. ഇത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ അനിയന്ത്രിതമായ പ്രവർത്തനത്തിന് കാരണമാകുകയും സംസ്ഥാനത്തെ വായ്പാ സംഘങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

| | |
|---|---|
| ബി) പാവപ്പെട്ടവരുടെ ആശ്രയമായ സഹകരണ സംഘങ്ങളുടെ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്നതിലും ഉയർന്ന പലിശ നിരക്ക് ഈടാക്കാൻ നിർബന്ധിതരാക്കുന്ന സാഹചര്യം എന്താണ്; ഇതു പരിഹരിക്കാൻ സാധ്യമാണോ; | (ബി) സംസ്ഥാനത്ത് സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ തീരുമാനപ്രകാരമാണ് സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്കും വായ്പകൾക്കും പലിശ നിരക്ക് നിശ്ചയിച്ച് നൽകുന്നത്. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് താരതമ്യേന ഉയർന്ന നിരക്കിലുള്ള പലിശയാണ് നൽകി വരുന്നത്. നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയും അനുബന്ധ ചെലവുകളും ചേർത്താണ് വായ്പകൾക്കുള്ള പലിശ നിരക്ക് നിശ്ചയിക്കുന്നത്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന പ്രകാരമാണ് ഈടാക്കി വരുന്നത്. കാലാകാലങ്ങളിൽ പലിശ നിർണ്ണയ കമ്മിറ്റി കൂടി പലിശ നിരക്കിൽ മാറ്റം വരുത്താറുണ്ട്. |
| സി) സഹകരണ രംഗത്തെ കടലാസ് സംഘങ്ങളെ ഇല്ലാതാക്കാനായി നടപടി ഉണ്ടാകുമോ? | സി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതകൾ ഇല്ലാത്ത പക്ഷം ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**